LIBRARY ARCHIVES Kerala Legislative Assembly

ശൃംഖല വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. MRP-യിൽ നിന്നും 40% വരെ വില കുറവിലാണ് മരുന്നുകൾക്ക് സപ്ലൈകോ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. ഇൻസുലിൻ 18% വിലകുറച്ചാണ് വിൽക്കുന്നത്. കൂടാതെ BPL കുടുംബങ്ങൾക്ക് പ്രതിമാസം 1000 രൂപ വരെ വിലയുള്ള മരുന്നുകൾക്ക് 25% വിലക്കിഴിവ് കൂടി നൽകി വരുന്നു. സമരംമൂലവും മറ്റും സ്വകാര്യ മരുന്നു കടകൾ അടഞ്ഞുകിടക്കുന്ന അവസരങ്ങളിൽ പോലും പൊതുജനങ്ങൾക്ക് സപ്ലൈകോയുടെ സേവനങ്ങൾ ലഭ്യമായിരിക്കും. സാമൂഹ്യ പ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സേവനം ലഭ്യമാക്കുകയും ആശുപത്രി പരിസരങ്ങളിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകളിൽ 24 മണിക്കൂർ സേവനം ലഭ്യമാക്കുകയും ചെയ്തു വരുന്നു. കൂടാതെ വിവിധ സർക്കാർ ആശുപത്രികളിൽ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവയിലൂടെ നടപ്പാക്കുന്ന RSBY/JSSK പദ്ധതികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും പരമാവധി വിലക്കുറവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽനിന്നും ലഭ്യമാക്കുന്നുണ്ട്.

(സി) സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ സ്റ്റോറുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സാധ്യതാ പഠന റിപ്പോർട്ട് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ റീജിയണൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 18 പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 4 പുതിയ മെഡിക്കൽ സ്റ്റോറുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് സജ്ജമായി വരികയാണ്.

അവശ്യ വസ്തുക്കളുടെ വില വർദ്ധന

191(3074) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങളിലെ വരൾച്ചയും വെള്ളപ്പൊക്കവും കാരണം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അവശ്യ വസ്തുക്കളുടെ വില അതി ഭീമമായി വർദ്ധിക്കും എന്ന മുന്നറിയിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പച്ചക്കറികളും ധാന്യങ്ങളുൾപ്പെടെയുള്ള അവശ്യ വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിട്ടും സിവിൽ സപ്ലൈസിനും കൺസ്യൂമർ ഫെഡിനും ഇതു സംബന്ധിച്ച് ഒന്നും ചെയ്യാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അതിരൂക്ഷമായ വിലക്കയറ്റത്തിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുമോ: വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അതിഭീമമായ വർദ്ധനവ് ഉണ്ടാവുമെന്ന് കരുതുന്നില്ല.

(ബി) ഇല്ല. സിവിൽ സപ്ലൈസ് വകുപ്പും, സിവിൽ സപ്ലൈസ് കോർപ്പറേഷനും കാര്യക്ഷമമായും ഫലപ്രദമായും വിപണിയിൽ ഇടപെടുന്നുണ്ട്.

(സി) ഈ സാമ്പത്തിക വർഷം വിപണി ഇടപെടലിനായി ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയിൽ 64 കോടി രൂപയും സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ 35 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

നെല്ല് സംഭരണം

192(*T3075) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ കർഷകരിൽനിന്നും നെല്ലുസംഭരിക്കുന്നത് എത്ര രൂപയ്ക്കാണ്; എത്ര ടൺ നെല്ല് ഒന്നും രണ്ടും വിളകളിൽനിന്നും സംഭരിച്ചു; ജില്ലതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) സംഭരിച്ച മുഴുവൻ നെല്ലിന്റെയും വില കർഷകർക്ക് നൽകിയോ; ഇല്ലെങ്കിൽ നൽകാനുള്ള തുകയും നൽകിയ തുകയും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) നെല്ല സംഭരണത്തിനായി സപ്ലൈകോയ്ക്ക് കഴിഞ്ഞ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ; എത്ര തുക വകയിരുത്തി; അതിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സപ്ലൈകോ കർഷകരിൽ നിന്നും നെല്ലുസംഭരിക്കുന്നത് 21.50 രൂപയ്ക്കാണ്. 2015-16 ഒന്നാം സീസണിൽ 7-12-2015 വരെ 150799.201 മെ. ടൺ.

തിരുവനന്തപുരം	-	113.593 മെ. ടൺ
കൊല്ലം	-	3.609 മെ. ടൺ
പത്തനംതിട്ട	-	7.541 മെ. ടൺ
ആലപ്പുഴ	-	40082.196 മെ. ടൺ

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly